29. ലാന്റ് ട്രിബ്യൂണൽ, കുഴൽമന്ദം.

30. ലാന്റ് ട്രിബ്യൂണൽ, മലപ്പുറം.

31. ലാന്റ് ട്രിബ്യൂണൽ, വടകര.

32. ലാന്റ് ട്രിബ്യൂണൽ, പേരാമ്പ്ര.

33. ലാന്റ് ട്രിബ്യൂണൽ, കാഞ്ഞാംകാട്.

34. സ്പെഷ്യൽ തഹസീൽദാർ, കാനം ടെനൻസി (അബോളിഷൻ) തൃശ്ശൂർ.

35. സ്പെഷ്യൽ തഹസീൽദാർ, കാനം ടെനൻസി (അബോളിഷൻ), എറണാകുളം.

(ബി&സി) എല്ലാ ജില്ലകളിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

അപകടാവസ്ഥയിലുള്ള സ്കൂൾ കെട്ടിടങ്ങൾ പുതുക്കി പണിയാൻ നടപടി

89 (2808) ശ്രീ. കെ. ബാബു :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ .മോഹൻകുമാർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വത്തെപ്പറ്റി എത്രകാലം കൂടുമ്പോഴാണ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടത് ;

(ബി) ഈ വ്യവസ്ഥ ഗവൺമെന്റ് സ്കൂളുകൾക്കും ബാധകമാണോ ;

(സി) അപകടാവസ്ഥയിലുള്ള എത്ര സ്കൂൾ കെട്ടിടങ്ങൾ സംസ്ഥാനത്തുണ്ട് ; ഇവ പുതുക്കിപ്പണിയുവാൻ പരിപാടിയുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അതാത് വർഷം തന്നെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്.

(ബി) അതെ.

(സി) അപകടാവസ്ഥയിലുള്ള സ്കൂൾ കെട്ടിടങ്ങളുടെ കണക്ക് പ്രത്യേകമായി ശേഖരിച്ചിട്ടില്ല. ഗവൺമെന്റ് സ്കൂളുകളുടെ കാര്യത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്തുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly